# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1352 — 21.03.2012-ലെ മറുപടിയ്ക്ക്

## സഹകരണ നിക്ഷേപ സുരക്ഷാനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>,, വി. ശശി<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഇപ്പോൾ എത്ര കോടിയുടെ നിക്ഷേപമുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) 29.2.2012 ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് സഹകരണ മേഖലയിൽ 73614.47 കോടി രൂപയുടെ നിക്ഷേപ ബാക്കി നിൽപുണ്ട്. |
| (ബി) ഈ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, റിസർവ്വ് ബാങ്കിന്റെ ലൈസൻസുള്ള അർബൻ സഹകരണ ബാങ്കുകൾ എന്നിവയിൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ഡെപ്പോസിറ്റ് ഇൻഷുറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി സ്കീം നിലവിലുണ്ട്. സംസ്ഥാനത്തെ സംഘങ്ങളിലെ/ ബാങ്കുകളിലെ നിക്ഷേപങ്ങളുടെ സുരക്ഷാ ഉറപ്പ് വരുത്തുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സ്കീം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരള നിക്ഷേപസുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിക്കാൻ ടി ഉത്തരവിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളതും ആയതു പ്രകാരം ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (സി) സഹകരണ നിക്ഷേപ സുരക്ഷാനിധി രൂപീകരിച്ചിട്ടുണ്ടോ; ഈ നിധി സ്വരൂപിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുമോ; | (സി) നിക്ഷേപ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേകം നിധി (കോർപസ് ഫണ്ട്) രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപം സ്വീകരിക്കുന്ന വായ്പ |

സഹകരണ സംഘങ്ങളിലെ ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ ടി വായ്പ സഹകരണ സംഘങ്ങളുടെ വിഹിതമായി ഈ നിധി (കോർപസ് ഫണ്ട്) യിലേക്ക് അടയ്ക്കേണ്ടതുണ്ട്. സർക്കാരിനും വിഹിതം നൽകാവുന്നതാണ്.

(ഡി) ഈ നിധിയിലേക്ക് സർക്കാർ വിഹിതം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; വ്യക്തമാക്കുമോ;

(ഡി) നാളിതുവരെ 52.85 ലക്ഷം രൂപ സർക്കാർ വിഹിതമായി ടി നിധിയിലേക്ക് നൽകിയിട്ടുണ്ട്.

(ഇ) ഏതെങ്കിലും സഹകരണ സംഘങ്ങൾക്ക് നിക്ഷേപങ്ങൾ മടക്കി കൊടുക്കുവാൻ കഴിയാതെ വന്നാൽ ഈ നിധിയിൽ നിന്നും നിക്ഷേപത്തുക ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

(ഇ) ഏതെങ്കിലും സഹകരണ സംഘങ്ങൾക്ക് നിക്ഷേപം മടക്കി കൊടുക്കാൻകഴിയാതെ വന്നാൽ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും ഒരു നിക്ഷേപകന്റെ ഒരു ലക്ഷം രൂപ വരെയുള്ള തുക മടക്കി കൊടുക്കുന്നതായിരിക്കും. ടി സ്കീമിൽ ചേരുന്ന വായ്പ സഹകരണ സംഘങ്ങൾ കേരള സഹകരണ ചട്ടത്തിലെ ചട്ടം 63-ൽ പ്രതിപാദിക്കുന്ന തരള ധനം സൂക്ഷിച്ചിരിക്കണം, കൂടാതെ വായ്പ സഹകരണ സംഘത്തിന്റെ വിലപിടിപ്പുള്ള വസ്തുക്കളും രേഖകളും സൂക്ഷിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണം. ചിട്ടി, പ്രതിമാസ നിക്ഷേപ പദ്ധതി എന്നിവ ഒഴികെയുള്ള എല്ലാ നിക്ഷേപങ്ങൾക്കും ടി സ്കീം പ്രകാരം സുരക്ഷ ലഭിക്കുന്നതാണ്. നിക്ഷേപം സ്വീകരിക്കുന്ന വായ്പ സഹകരണ സംഘങ്ങളിലെ ഓരോ 100 രൂപാ നിക്ഷേപത്തിനും 10 പൈസ ടി വായ്പ സഹകരണ സംഘങ്ങളുടെ/ ബാങ്കുകളുടെ വിഹിതമായി കോർപസ് ഫണ്ടിലേക്ക് അടയ്ക്കേണ്ടതുണ്ട്. ഇപ്രകാരം വിഹിതം അടച്ച സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരികെ നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ നിക്ഷേപ സുരക്ഷാ സ്കീം പ്രകാരം നിക്ഷേപകർക്ക് തുക നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ